(ബി) ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളെ പൊതു വിദ്യാലയങ്ങളിൽ ചേർത്ത് അവർക്ക് യോജിച്ച വിദ്യാഭ്യാസംനൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പാഠപുസ്തക അനുരൂപീകരണം, പരിഹാര ക്ലാസ്സുകൾ, പഠനോപകരണങ്ങളുടെ സഹായത്തോടെയുള്ള പഠനം എന്നിവ റിസോഴ്സ്/റൂം സെന്ററ്വഴി നൽകിവരുന്നു.

(സി) റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, ഫിസിയോ/സ്പീച്ച് തെറാപ്പിസ്റ്റുമാരുടെ സേവനം, അറ്റൻഡർമാരുടെ സേവനം എന്നിവ നൽകുന്നതോടൊപ്പം രക്ഷിതാക്കൾക്കുള്ള കൗൺസിലിംഗ്, കരിക്കുലം അനുരൂപീകരണം, ചെറിയതോതിലുള്ള തൊഴിൽ പരിശീലനം തുടങ്ങി കുട്ടിയുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സെന്ററുകളിലൂടെ നടപ്പാക്കിവരുന്നത്.

(ഡി) റിസോഴ്സ് സെന്റർ/റൂമുകൾ ഉള്ള 202 ഹൈസ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ 1249 ഹൈസ്കൂളുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പുവഴി റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണമനുസരിച്ച് അറ്റൻഡന്റ്മാരെയും 2014-15 വർഷംവരെ 75 സെന്ററുകളിൽ തെറാപ്പിസ്റ്റുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. 2015-16 വർഷത്തിൽ തെറാപ്പിസ്റ്റുകളെ നിയമിക്കുന്നതിനുള്ള തീരുമാനം സർക്കാർ പരിശോധിച്ചുവരികയാണ്.

ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള പാഠ്യപദ്ധതി

43 (2528) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി പുതിയ പാഠ്യപദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ ആരാണ് പദ്ധതി തയ്യാറാക്കിയത് ;

(സി) സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ തെരഞ്ഞെടുത്ത സ്കൂളുകളിൽ മാത്രമാണോ ; ഇതുസംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകാമോ ?

ഉത്തരം

(എ) സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS)യുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS)യുടെ കീഴിൽ വരുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഇവർ സംസ്ഥാന സിലബസാണ് പിന്തുടരുന്നത്.

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS)യിൻ കീഴിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ സംസ്ഥാന സിലബസ് തന്നെയാണ് പിന്തുടരുന്നത്.

വിദ്യാലയങ്ങളിലെ മലയാള ഭാഷാ പഠനം

44 (2530) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ മലയാളഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly